**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 579** **23-07-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയര്‍ത്തുന്നതിനുള്ള പദ്ധതികള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ചെറുകിട-പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ) | മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ട് വരുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. സമ്പാദ്യ സമാശ്വാസ പദ്ധതി 2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ 3. വിദ്യാഭ്യാസ സഹായ പദ്ധതികൾ. 4. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി. 5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി. 6. ഓഖി പുനരധിവാസ പദ്ധതികൾ. 7.മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി. 8. മത്സ്യത്തൊഴിലാളികൾക്ക് പൂരക വേതനം ഉറപ്പാക്കുന്ന തണൽ പദ്ധതി. 9. മത്സ്യത്തൊഴിലാളികൾക്ക് എഫ്.ആർ.പി യാനങ്ങളും സുരക്ഷാ ഉപകരണങ്ങളും അനുവദിയ്ക്കുന്ന പദ്ധതി. 10. മേഖല ടെക്നിക്കൽ സ്കൂളുകളെ മികവിൻറെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി. 11. യാനങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും സ്വന്തമാക്കുന്നതിന് വായ്പാ ധനസഹായം. 12. മത്സ്യത്തൊഴിലാളികൾക്ക് വല, എഞ്ചിൻ എന്നിവയ്ക്ക് സബ്സിഡി അനുവദിക്കുന്ന പദ്ധതി. 13. മത്സ്യബന്ധന യാനങ്ങൾക്ക് വായ്പയ്ക്ക് സബ്സിഡി. 14. മത്സ്യത്തൊഴിലാളികൾ 2008 വരെ എടുത്തിട്ടുള്ള വായ്പകൾക്ക് കടാശ്വാസം. 15. മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ സബ്സിഡി. 16. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം. 17. തീരദേശ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ് റൂം. 18. തീരദേശ വിദ്യാലയങ്ങളിൽ സ്പോർട്ട്സ് സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതി. 19. മത്സര പരീക്ഷകൾക്ക് മത്സ്യത്തൊഴിലാളികളുടെ മക്കളെ പ്രാപ്തരാക്കുന്നതിന് വിദ്യാതീരം പദ്ധതി. 20. |

| | | | |
|---|---|---|---|
| | | | തീരദേശത്തെ കുട്ടികൾക്ക് ലൈബ്രറി സപ്പോർട്ട് നൽകുന്ന പ്രതിഭാതീരം പദ്ധതി. 21. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ. 22. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ. 23. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം സഹായ സംഘങ്ങൾ വഴി മൈക്രോ എൻറർ പ്രൈസസ് ആരംഭിക്കുന്നതിന് ധനസഹായം. 24. തീരനൈപുണ്യ പദ്ധതി. 25. മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് സുരക്ഷിതമായും സൗകര്യപ്രദമായും യാത്ര ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി യും ഫിഷറീസ് വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സമുദ്ര പദ്ധതി. |

സെക്ഷൻ ഓഫീസർ